LIBRARY ARCHIVES Kerala Legislative Assembly

ശുചിത്വ കേരളം പദ്ധതി

117 ([T] 1491) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് ശുചിത്വ കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ ഗ്രാമം പദ്ധതിയിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകി വരുന്നു.

(സി) പദ്ധതി നടത്തിപ്പിനായി നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും വിവരം ലഭ്യമാക്കുകയും ഇത്തരത്തിൽ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം നൽകുകയും ചെയ്തു വരുന്നു.

ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ

118 (1492) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിൽ മുറികൾ ആവശ്യപ്പെട്ട് "തീരം ടൂറിസം സഹകരണ സംഘം, ആലപ്പുഴ" അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അപേക്ഷ നൽകിയ തീയതി എന്നാണ്; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

[T] മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത അപേക്ഷ ഏതു നഗരസഭാ കൗൺസിലാണ് പരിഗണിച്ചത്; കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മുറി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘത്തിന് വാടക അഡ്വാൻസ് അടയ്ക്കുന്നതിന് കത്തു നൽകിയിരുന്നോ; അതനുസരിച്ച് സംഘം ഏത നഗരസഭയിൽ അടച്ചത് എന്നാണെന്നും എത്ര തുകയാണെന്നും അറിയിക്കുമോ;

(ഡി) അനുവദിക്കപ്പെട്ട മുറി ഏതാണ്; ഇതിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ഇ) EMS-സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിലെ 9-ാം ഖണ്ഡികയിൽ കരാർ വയ്ക്കുന്നതിന് മുദ്രപത്രം സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മുറിയുടെ കരാർ വയ്ക്കുന്നതിനായി നഗരസഭ എത്ര തുകയുടെ പത്രമാണ് സംഘത്തിനോട് ആവശ്യപ്പെട്ടത്; ഇത് എന്ന് കൂടിയ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത കൗൺസിൽ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) വാടക അഡ്വാൻസ് അടച്ചവരിൽ നിന്നും, വൈദ്യുതിയടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകാതെയും കരാർ വെയ്ക്കുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാതെയും വാടക ഈടാക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) കരാർ വെയ്ക്കുന്നത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കണമെന്ന് കാണിച്ച് പ്രസ്തുത സഹകരണ സംഘം നഗരസഭാ കൗൺസിലിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്റ്റേഡിയത്തിലെ മുറി നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് ഇത് സംബന്ധിച്ച പരാതികൾ അനുഭാവപൂർവ്വം പരിഗണിച്ചും സുതാര്യമായ നിലയിൽ പ്രശ്നം പരിഹരിക്കുന്നതിനും സർക്കാർ നഗരസഭയോട് ആവശ്യപ്പെടുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) 8-11-2014-ൽ നൽകിയിരുന്നു. അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കി നൽകുന്നതാണ്.

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) EMS-സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിലെ 9-ാം ഖണ്ഡികയിൽ കരാർ വയ്ക്കുന്നതിന് മുദ്രപത്രം സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കൗൺസിൽ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ജി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

അനധികൃത കശാപ്പുശാല

119 (1493) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ജനങ്ങൾ കഴിഞ്ഞ മൂന്നു വർഷമായി കഴിക്കുന്നത് അനധികൃതമായി കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ മാംസമാണെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആധുനിക അറവുശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ ഈ മൂന്നു കൊല്ലത്തിനിടെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഈ ആവശ്യത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

120 (1494) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുദ്ദേശിക്കുന്നത്;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly